നം.കെ.എസ്.എ-കെ.ടി.എം.പി.6/1412/2018 തീയതി : 13.08.2018

# കോട്ടയം ജില്ലയിലെ വെച്ചൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്ക ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ വെച്ചൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റ് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.06.17മുതൽ 30.06.18 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരി അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 05 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡ പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപെ നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡ അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേ അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാ വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

## എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.എസ്. ഷൈജു , ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 05.07.2018 മുതൽ 17.07.2018 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | എം. എൻ. രാധാകൃഷ്ണൻ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | സുമേഷ് പി.വി. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ലൂക്കോസ് കുര്യൻ, ഓഡിറ്റർ (ഹ.ഗ്രേ) |
| | രഞ്ജു പ്രകാശ്, സീനിയർ ഗ്രേഡ് ഓഡിറ്റർ |

## നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി ശകുന്തള | 1.4.17 മുതൽ 31.03.18 വരെ |
| സെക്രട്ടറി | ശ്രീമതി ഷേർളി ഗോപാൽ | 01.4.17 മുതൽ 31.05.17 വരെ |
| | ശ്രീ.എം.പി.ചന്ദ്രഭാനു (സെക്രട്ടറി ഇൻ ചാർജ്ജ്) | 1.06.17 മുതൽ 08.06.17 വരെ |
| | ശ്രീ.സന്തോഷ് കുമാർ | 09.06.17 മുതൽ 31.03.18 വരെ |

## മറ്റു നിർവഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.എം.പി.ചന്ദ്രഭാനു | 1.4.17 മുതൽ 31.3.18 വരെ |
| അസിസ്റ്റന്റ് എൻജിനിയർ | ശ്രീമതി. പി.യു.ഭാവന | 1.4.17 മുതൽ 06.10.17 വരെ |
| | ശ്രീ.പ്രദീപ് | 07.10.17മുതൽ 07.11.17വരെ |
| | ശ്രീ.ബിനു കെ. | 08.11.17 മുതൽ 08.01.18 വരെ |
| | ശ്രീമതി മായാദേവി പി.ആർ. | 09.01.18 മുതൽ 31.03.18 വരെ |
| കൃഷി ഓഫീസർ | ശ്രീ.അനിൽ കെ.ആന്റോ | 1.4.17 മുതൽ 12.06.17 വരെ |
| | ശ്രീ.അരുൺ കുമാർ (ഇൻ ചാർജ്ജ്) | 13.06.17മുതൽ 11.07.17 വരെ |
| | ശ്രീമതി ജൂലി ലൂക്ക് | 12.07.17മുതൽ 31.03.18 വരെ |
| വെറ്ററിനറി സർജൻ | ശ്രീ.കെ.സി.സന്തോഷ് | 01.04.17 മുതൽ 05.06.18 വരെ |
| | ശ്രീ.ധന്യ എസ്.രാജൻ | 06.06.17മുതൽ 31.0318 വരെ |
| വി.ഇ.ഒ. | ശ്രീമതി ആശാ ശ്രീധരൻ | 01.4.17മുതൽ 31.03.18 വരെ |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | ശ്രീമതി പ്രീതി സി. | 01.4.17മുതൽ 31.3.18 വരെ |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീമതി അഞ്ജന പി.വി | 01.4.17മുതൽ 31.03.18 വരെ |
| എെ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി കെ.ജി.രതിമണി | 01.4.17മുതൽ 14.09.17 വരെ |
| | | |

| | | |
|---|---|---|
| | ശ്രീമതി സോണിയ വി.എസ്. | 15.09.17 മുതൽ 01.02.18 വരെ |
| | ശ്രീമതി ശ്രീമോൾ | 02.02.18 മുതൽ 14.03.18 വരെ |
| | ശ്രീമതി സോണിയ വി.എസ്. | 15.03.18 മുതൽ 31.03.18 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.ബാലരാജ് എസ്. | 01.4.17മുതൽ 31.3.18 വരെ |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. | ഡോ.ജി.ഐ.സപ്ന | 01.4.17മുതൽ 31.3.18 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.സുനിൽ എ.വി. | 01.4.17മുതൽ 31.3.18 വരെ |

**റിപ്പോർട്ടിന്റെ ഉള്ളടക്കം**


| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| **ഭാഗം 1--പൊതു അവലോകനം** | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തൊഴിലുറപ്പ് പദ്ധതി |
| 1-8 | ക്ഷേമപദ്ധതികൾ |
| 1-9 | ക്യാഷ് പരിശോധന |
| 1-10 | ആഭ്യന്തരനിയന്ത്രണ സംവിധാനം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-12 | വാർഷികകണക്കുകളിലെ അപാകതകൾ |
| **ഭാഗം 2 വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 2-1 | കെട്ടിടനിർമ്മാണനിയന്ത്രണ ചട്ടം പാലിക്കുന്നതിലെ അപാകതകൾ |
| 2-2 | തൊഴിൽ നികുതി പരിശോധന |
| 2-3-1 | ലൈസൻസുകളില്ലാതെ അനധികൃതമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു |
| 2-3-2 | ലൈസൻസിനായുള്ള അപേക്ഷയോടൊപ്പം ആവശ്യമായ രേഖകൾ ഉണ്ടെന്ന് ഉറപ്പുവരുത്തുന്നില്ല |
| 2-3-3 | ലൈസൻസ് ഫീ ക്രമപ്രകാരം ഈടാക്കിയിട്ടില്ല. |
| 2-4 | ഇ-ടെണ്ടർ ഫോറവില ഗ്രാമപഞ്ചായത്തിന് ലഭ്യമായില്ല |
| **ഭാഗം 3 – ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 3-1 | വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ – അവലോകനം |
| 3-2 | വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല |
| 3-3 | സ്റ്റേറ്റ് ലൈഫ് ഇൻഷുറൻസ് പോളിസി – അടിസ്ഥാന ശമ്പളത്തിനാനുപാതികമായി ഈടാക്കുന്നില്ല |
| 3-4 | ലൈഫ് മിഷൻ – ഒന്നാം ഘട്ടം പ്രാരംഭദശയിൽ |
| 3-5 | മത്സ്യമേഖലയിലെ പദ്ധതി രൂപീകരണം പാളിച്ചകൾ |
| 3-6 | തരിശ് ഭൂമികൾ കൃഷിയോഗ്യമാക്കേണ്ടതാണ് – വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ പതിയണം |
| 3-7 | പാലിയേറ്റീവ് കെയർ – പ്രോജക്ട് നം.79/18 – പദ്ധതി നടത്തിപ്പിൽ അപാകതകൾ |
| 3-8 | ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന വാങ്ങൽ – മരുന്നുകൾ ഇനിയും ലഭിക്കുവാൻ അവശേഷിക്കുന്നു |
| 3-9 | ആശ്രയപദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല |
| **ഭാഗം 4 – പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |

| | |
|---|---|
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം |
| 4-9 | റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സപ്പെടുത്തിയതിന് ഉത്തരവാദിയായവരുടെ പേരും മേൽവിലാസവും |
| 4-10 | തീർപ്പാക്കാൻ അവശേഷിയ്ക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് |
| അനുബന്ധം 4 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

29.03.2017 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | | ശതമാനം |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | |
| മുന്നിരിപ്പ് | 27,74,939 | 27,74,939 | | 0 | 0 |
| വരവ് | 12,76,23,812 | 7,13,13,437 | | 5,63,10,375 | 44.12 |
| ആകെ | 13,03,98,751 | 7,40,88,376 | | 5,63,10,375 | 43.18 |
| ചെലവ് | 12,76,09,354 | 7,20,25,036 | | 5,55,84,318 | 43.56 |
| നീക്കിയിരിപ്പ് | 27,89,397 | 20,63,340 | | 7,26,057 | 26.03 |

ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ ജനുവരി 15 ന് മുമ്പ് ബജറ്റ് നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കണമെ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 214 വകുപ്പ്, ഉപവകുപ്പ് 1 ലെ നിർദ്ദേശം പാലിച്ചില്ല. 14.3.17 ൽ ധനകാ സ്റ്റാന്റിംഗ് കമ്മറ്റി ബജറ്റ് തയ്യാറാക്കി 29.3.17ലെ ജനറൽ കമ്മറ്റി പാസ്സാക്കുകയാണ് ചെയ്തിട്ടുള്ളത്.

## 1-2 വാർഷിക ധനകാര്യപത്രിക

2017-18 വാർഷിക ധനകാര്യപത്രിക 16.05.18ൽ ലഭിച്ചിട്ടുണ്ട്.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 13.06.18 – 14.06.18 | കെ.എസ്.എ.കെ.ടി.എം.പി6/1110/2018, തീയതി- 02.07.2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 27,74,939 |
| വരവ് | 7,13,13,437 |
| ആകെ | 7,40,88,376 |
| ചെലവ് | 7,20,25,036 |
| നീക്കിയിരിപ്പ് | 20,63,340 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി. | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 1,13,80,233 | 1,13,80,233 | 1,13,80,233 | 0 |
| വികസന ഫണ്ട്(എസ്.സി.പി) | 0 | 42,86,615 | 42,86,615 | 42,86,615 | 0 |
| വികസനഫണ്ട്(ടി.എസ്.പി) | 0 | 15,000 | 15,000 | 15,000 | 0 |
| മെയിന്റനൻസ്, റോഡ് | 0 | 71,69,000 | 71,69,000 | 71,69,000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 26,15,000 | 26,15,000 | 26,15,000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 54,53,467 | 54,53,467 | 54,53,467 | 0 |
| എൻ.ആർ.ഇ.ജി.എസ് | 934 | 2,79,93,349 | 2,79,94,283 | 2,79,93,851 | 432 |
| തനത് ഫണ്ട് | 1994284 | 9244595 | 11238879 | 9633762 | 1605117 |
| മറ്റിനം | | | | | |
| കെ.എൽ.എസ്.ജി.ഡി.പി | 0 | 18,5,81,682 | 18,5,81,682 | 18,5,81,682 | 0 |
| എസ്.ബി.റ്റി സീറോ ബാലൻസ് | 0 | -- | - | - | - |
| ട്രഷറി ഓൺ ഫണ്ട് VPFA I.II | 402 | 0 | 402 | 0 | 402 |
| ട്രഷറി ടി.എസ്.ബി. (ജനറൽ പർപ്പസ്) | 641647 | 10123720 | 10765376 | 10287395 | 477972 |
| എസ്.ബി.റ്റി. ലിറ്ററസി | 18929 | 727 | 19656 | 3533 | 16123 |
| എസ്.ബി.റ്റി. ഡിസ്ട്രസ് റിലീഫ് ഫണ്ട് | 2486 | 7655 | 10141 | 525 | 9616 |
| എസ്.ബി.റ്റി പൈക്ക | 0 | 0 | 0 | 0 | 0 |
| ട്രഷറി എസ്.ബി.റ്റി. ജോയന്റ് വെഞ്ചർ | 0 | 2201569 | 2201569 | 2201569 (-)761787redumption | (-)142481 |
| കറന്റ് അക്കൗണ്ട്(ഇ.പെയ്മെന്റ്) | 0 | 18672 | 18672 | 649 | 18023 |
| ബി ഫണ്ട് | 0 | 31995500 | 31995500 | 31995500 | 0 |
| കാഷ് (തനത് ഫണ്ട്) | 115287 | 60806610 | 60921897 | 60844200 | 77697 |
| ജില്ലാ സഹകരണ ബാങ്ക് (Housing) | 970 | 0 | 970 | 531 | 439 |

# 1-6 പദ്ധതിഅവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| 135 | 112 | 23 | 70700522 | 54568432 | 77.18 |

2017-18 വാർഷിക പദ്ധതിക്ക് ഉത്തരവ് നം. 490 /2017/DPC/DPO/KTM തീയതി 14.03.2018 പ്രകാരം അംഗീകാരം ലഭിച്ചു.

**പദ്ധതി ആസൂത്രണം**

വർക്കിങ് ഗ്രൂപ്പ് യോഗങ്ങൾ 02.05.2017 ലും പദ്ധതി ആസൂത്രണഗ്രാമസഭകൾ 18.04.2017 മുതൽ 21.04.2017 വരെയു തീയതികളിലും വികസനസെമിനാർ 06.05.2017ലും കൂടിയിട്ടുണ്ട്.

വിവിധ നിർവ്വഹണോദ്യോഗസ്ഥരുടെ പ്രോജക്ടുകളുടെ ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | വകയിരുത്തിയ പ്രോജക്ടുകളുടെ എണ്ണം | ചെയ്ത പ്രോജക്ടുകളുടെ എണ്ണം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 27 | 25 | 9524758 | 8686024 | 91 |
| അസി.എഞ്ചിനീയർ | 76 | 58 | 41507124 | 30724071 | 74 |
| അസി.സെക്രട്ടറി | 8 | 8 | 1683407 | 1642130 | 97.5 |
| വി.ഇ.ഒ | 8 | 5 | 8659833 | 4857490 | 56 |
| കൃഷി ഓഫീസർ | 3 | 3 | 3100000 | 3100000 | 100 |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ,സി.എച്ച്.സി | 2 | 2 | 700000 | 681540 | 97.3 |
| മെഡിക്കൽ ഓഫീസർ,ഹോമിയോ | 1 | 1 | 125000 | 125000 | 100 |
| മെഡിക്കൽ ഓഫീസർ,ആയുർവേദം | 1 | 1 | 500000 | 500000 | 100 |
| വെറ്ററിനറി സർജൻ | 4 | 4 | 1575000 | 1575000 | 100 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 1 | 1 | 200000 | 14960 | 7.48 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 3 | 3 | 2325400 | 1862217 | 80.08 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 800000 | 800000 | 100 |
| ആകെ | 135 | 112 | 70700522 | 54568432 | 77 |

ഉല്പാദന മേഖലയിൽ വകയിരുത്തിയ തുകയുടെ 97.93 ശതമാനവും സേവനമേഖലയിൽ വകയിരുത്തിയ തുകയുടെ 86. ശതമാനവും പശ്ചാത്തല മേഖലയിൽ വകയിരുത്തിയ തുകയുടെ 76.04 ശതമാനവും ചിലവഴിക്കാൻ സാധിച്ചിട്ടുണ്ടെന്ന പഞ്ചായത്തിന്റെ നേട്ടമായി ഓഡിറ്റ് വിലയിരുത്തുന്നു. എന്നിരുന്നാലും ആകെ വികസന ഫണ്ടിന്റെ 7.24% മാത്രമാണ് ഉൽപാദ മേഖലയ്ക്ക് അടങ്കൽ വച്ചിരുന്നത്. എന്നാൽ സേവന മേഖലയ്ക്കും പശ്ചാത്തല മേഖലയ്ക്കും യഥാക്രമം 25.13 ശതമാനവും 67. ശതമാനവും (ആകെ വികസനഫണ്ടിന്റെ) അടങ്കൽ വെച്ചിട്ടുണ്ട്. ഉൽപ്പാദനമേഖലയ്ക്ക് അർഹമായ പ്രാധാന്യം നൽകി പദ്ധതിക ആവിഷ്ക്കരിക്കുവാൻ പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മറ്റികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

കൃഷി അനുബന്ധ മേഖലകൾ, മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യബന്ധനം തുടങ്ങിയ മേഖലകളിൽ ഒട്ടനവധി ജനങ്ങ ഉപജീവനമാർഗ്ഗമാക്കിയിട്ടുള്ളതും വളരെയധികം സാധ്യതകൾ ഉള്ളതുമായ വെച്ചൂർ ഗ്രാമപഞ്ചായത്തിൽ കൃഷി അനുബ മേഖലയിൽ മൂന്ന് പ്രോജക്ടുകളും മൃഗസംരക്ഷണം ക്ഷീരവികസനം എന്നീ മേഖലയിൽ 5 പ്രോജക്ടുകളും മത്സ്യബന്ധന മേഖലയി ഒരു പ്രോജക്ടും മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. പഞ്ചായത്തിലെ ജനങ്ങളുടെ ജീവിതരീതിയും ഭൂമിശാസ്ത്രപരമായ പ്രത്യേകതക കണക്കിലെടുത്ത് പ്രസ്തുത മേഖലകളിൽ വൈവിദ്ധ്യമാർന്ന പ്രോജക്ടുകൾ നടപ്പാക്കുന്നതിന് പഞ്ചായത്തിലെ വിവിധ വർക്കി ഗ്രൂപ്പുകൾ, സ്റ്റാന്റിംഗ് കമ്മറ്റികൾ എന്നിവയുടെ പ്രത്യേക ശ്രദ്ധ പതിയേണ്ടതാണ്.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 934 | 950317 | 951251 | 950819 | 432 |
| ഗുണഭോക്താക്കൾ നേരിട്ട് നൽകുന്നത് | 0 | 27043032 | 27043032 | 27043032 | 0 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1,54,800 | 281 |
| കർഷകതൊഴിലാളി പെൻഷൻ | 96,98,700 | 838 |
| വിധവാപെൻഷൻ | 52,05,800 | 453 |
| വാർദ്ധക്യകാലപെൻഷൻ | 1,37,70,400 | 1212 |
| വികലാംഗപെൻഷൻ | 28,31,300 | 244 |
| അവിവാഹിത പെൻഷൻ | 3,04,500 | 37 |
| വിവാഹ ധന സഹായം | 30,000 | 1 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.07.18 അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 1912/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയി ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്.

1) <u>പൊതുനിയന്ത്രണം</u>

ആഭ്യന്തരനിയന്ത്രണസംവിധാന നിർവ്വഹണം ഉത്തരവാദിത്വത്തോടെ ഭരണസമിതി നിർവ്വഹിക്കുകയും അപാകതകൾ ഉണ്ടെങ്കി ആയത് പരിഹരിക്കുന്നതിന് ശ്രദ്ധ ചെലുത്തുകയും ചെയ്തിട്ടുണ്ട്. ഓഫീസ് ഉത്തരവ് വഴി ജീവനക്കാരുടെ ചുമതലകൾ കൃത്യമാ നിർണ്ണയിച്ചിട്ടുണ്ട്. വരവുചെലവുകൾ കൃത്യമായി ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റികൾ നിരീക്ഷിക്കുന്നുണ്ട്.

2) <u>പേഴ്സണൽ രജിസ്റ്റർ</u>

സൂചിക സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിച്ച് മെയ് മാസം വരെയുള്ള വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കാലികമാക്കുന്നതിന് നടപ സ്വീകരിക്കേണ്ടതാണ്.

3) <u>അക്കൗണ്ടിംഗ് സംവിധാനം</u>

സർക്കാർ കാലാകാലങ്ങളിൽ ഇറക്കുന്ന ഉത്തരവുകൾ അവലംബിച്ച് തൃപ്തികരമായ രീതിയിൽ അക്കൗണ്ടിംഗ് സമ്പ്രദായം നടപ്പാ വരുന്നു.

4) <u>കാഷ് ബാങ്ക് നിയന്ത്രണം</u>

നിലവിലുള്ള എല്ലാ ബാങ്ക് അക്കൗണ്ടുകളുടെയും ലിസ്റ്റ്, ചെക്ക്/ഡി.ഡി എന്നിവയുടെ രേഖകൾ കാഷ്/ബാങ്ക് മുഖേനയുള്ള വ ചെലവുകളുടെ രേഖപ്പെടുത്തൽ, ചെലവുകൾ വ്യക്തമായി ബിൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയും ബാങ്ക് റിക്കൺസിലിയേഷ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയും സൂക്ഷിച്ചിട്ടുണ്ട്.

5) <u>നികുതി നികുതിയേതര വരവുകളുടെ നിയന്ത്രണ സംവിധാനം</u>

സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള നിരക്കിൽ നികുതി നിശ്ചയിച്ച് ഈടാക്കുന്നതിനും കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിനും ജാഗ്ര പുലർത്തുന്നുണ്ട്.

6) <u>Controls over procurement of work & store</u>

പ്രൊക്യൂർമെന്റ് മാനുവൽ അനുസരിച്ചുള്ള പ്രവൃത്തികളും വാങ്ങലുകളും നടത്തുന്നതിന് ശ്രദ്ധ പുലർത്തുന്നുണ്ട്.

7) <u>പേ റോൾ നിയന്ത്രണം</u>

പഞ്ചായത്തിലെ ജീവനക്കാരെ സംബന്ധിക്കുന്ന എല്ലാ രേഖകളും തൃപ്തികരമായി സൂക്ഷിച്ചുപോരുന്നു. സ്ഥാപന സോഫ്റ്റ്‌വെ വഴിയുള്ള പേറോൾ നിയന്ത്രണം ഫലപ്രദമായി നടപ്പാക്കി വരുന്നു.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് |
|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.05.2018,23.05.2018 | 04/18 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 31.01.2018 മുതൽ 12.02.2018 വരെ | 2011 -12 മുതൽ 2016-17 വരെ |

# 1-12 വാർഷികകണക്കുകളിലെ അപാകതകൾ

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവ കൊടുക്കുന്നു.

1.ട്രാൻസാക്ഷനില്ലാത്ത അക്കൗണ്ടുകൾ ക്ലോസ് ചെയ്തിട്ടില്ല.

| ക്രമ നം. | അക്കൗണ്ട് | നീക്കിയിരിപ്പ് |
|---|---|---|
| 1 | ഡി.സി.ബി(housing) | 439 |
| 2 | തനത് ഫണ്ട് (old) | 402 |

2.ഡെപ്പോസിറ്റ് രജിസ്റ്ററിൽ പ്രാരംഭ ബാക്കിയായി വിവിധ ശീർഷകങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകകൾ ഏതെന്ന് എഴു സൂക്ഷിച്ചിട്ടില്ല. അതിനാൽ ടി ഇനങ്ങളിൽ കാലഹരണപ്പെട്ട തുകകളുണ്ടോ എന്ന് വ്യക്തമല്ല.

3. ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം suppliers S.D വരവ് 13,000/- രൂപയാണ്. വാർഷിക ധനകാര്യപത്രിക പ്രകാരം (RP-3 ആയത് 11,500/- രൂപയാണ്.

Other deposit (340109901) എന്ന ശീർഷകത്തിൽ വാർഷിക ധനകാര്യപത്രിക പ്രകാരം (RP-34) 18400/- രൂപ വരവുണ്ട്. എന്നാ രജിസ്റ്റർ പ്രകാരം വരവില്ല.

ബി-7 ഷെഡ്യൂൾ പ്രകാരം Other deposit (340109901) എന്നയിനത്തിൽ 97,903/- നീക്കിയിരിപ്പുണ്ട്. എന്നാൽ, രജിസ്റ്റർ പ്രകാ ആയത് 62,683/- രൂപയാണ്.

4.മുൻകാല ആസ്തികളുടെ മൂല്യം രേഖപ്പെടുത്തി അക്കൗണ്ടിൽ ഉൾപ്പെടുത്തിയിട്ടില്ല.

5.വസ്തുനികുതിയിനത്തിലെ നീക്കിയിരിപ്പ് സഞ്ചയയുമായി 4745 രൂപയുടെ വ്യത്യാസമുണ്ട്.

6.വാർഷിക ധനകാര്യപത്രികയിൽ റേഷ്യോസിന്റെ പത്രിക ഉൾപ്പെടുത്തിയിട്ടില്ല.

7.തൻവർഷ കുടിശിക തുകകൾക്ക് ഇൻകം & എക്സ്പെൻഡീച്ചർ അക്കൗണ്ടിൽ തൻവർഷത്തേക്കുള്ള പ്രൊവിഷ രേഖപ്പെടുത്തിയിട്ടില്ല.

8.വസ്തുനികുതിയിനത്തിൽ കുടിശികയുള്ള തുകയുടെ കൺട്രോൾ അക്കൗണ്ടിൽ രേഖപ്പെടുത്തിയിരിക്കുന്ന തുക കൃത്യമല്ല.

9. 'ഇലക്ട്രിസിറ്റി - സ്ട്രീറ്റ് ലൈറ്റ്സ് ' എന്ന ഫിക്സഡ് അസറ്റ് ഇനത്തിൽ തൻ വർഷം ചേർത്തിരിക്കുന്ന തുകകൾ തൻവർഷ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. (2,59,988/- രൂപ തൻവർഷ വരവിൽ കൂടുതൽ രേഖപ്പെടുത്തിയിരിക്കുന്നു.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കെട്ടിടനിർമ്മാണനിയന്ത്രണ ചട്ടം പാലിക്കുന്നതിലെ അപാകതകൾ

ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യചുമതലയായ കെട്ടിടനിർമ്മാണ നിയന്ത്രണം നടപ്പാക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ട വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയാണ്. 2011ലെ കേരള പഞ്ചായത്ത്‌രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചാണ് നിർമ്മാ പ്രവൃത്തികൾ നടക്കുന്നതെന്നും, അനധികൃതനിർമ്മാണം / അനുമതിയില്ലാത്ത നിർമ്മാണം എന്നിവ നടക്കുന്നില്ല എന് പ്രാദേശിക ഭരണവ്യവസ്ഥ ഉറപ്പുവരുത്തണം. ഓഡിറ്റ് നടത്തിയ പരിശോധനയിൽ ഉദ്യോഗസ്ഥ തലത്തിൽ നടക്കുന്ന സാധാര നടപടികൾ ഒഴികെ ഭരണപരമായ ഇടപെടലുകൾ ഉണ്ടാകുന്നില്ല എന്ന് കാണുന്നു. പെർമിറ്റ് രജിസ്റ്റർ, വസ്തുനികുതി നിർണ്ണ രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള വിവരം ചുവടെ ചേർക്കുന്നു.

1.കേരള പഞ്ചായത്ത്‌രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ സമയക്രമം പാലിക്കുന്നില്ല

കേരള പഞ്ചായത്ത്‌രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 14 പ്രകാരം അപേക്ഷ ലഭിച്ച് 30 ദിവസത്തിനകം കെട്ടിട പ്ലാ സൈറ്റ് പ്ലാൻ എന്നിവ അംഗീകരിച്ചതോ നിരസിച്ചതോ ആയ വിവരം സെക്രട്ടറി കക്ഷികളെ അറിയിക്കേണ്ടതാണ്. എന്നാ സങ്കേതം സോഫ്റ്റ് വെയറിൽ സമർപ്പിക്കുന്ന അപേക്ഷകൾ പരിശോധിച്ചതിൽ 2017-18 കാലയളവിൽ ആകെ സമർപ്പിച്ച അപേക്ഷകളിൽ 5 അപേക്ഷകൾ മാത്രമാണ് സമയക്രമം പാലിച്ച് തീർപ്പാക്കിയിട്ടുള്ളത്. 08.05.2017 മുതൽ 13.12.2017 വരെയു കാലയളവിൽ സമർപ്പിച്ച അപേക്ഷകളിൽ 19 അപേക്ഷകൾ തീർപ്പാക്കാതെ നിലനില്ക്കുന്നു. ടി വിവരം ചൂണ്ടിക്കാണിച്ച് നല്ക ഓഡിറ്റ് അന്വേഷണക്കുറിപ്പിന്, (നം.05/12.07.18) സങ്കേതം സോഫ്റ്റ് വെയറിൽ ടി ഫയലുകൾ പ്രോസസ് ചെയ്യുവാൻ സാങ്കേ ബുദ്ധിമുട്ട് ഉണ്ടായിട്ടുള്ളതിനെ തുടർന്നാണെന്നും നിലവിൽ പ്രശ്നം പരിഹരിച്ചിട്ടുണ്ടെന്നും മറുപടി നൽകി.

പൊതുജനത്തിന് യഥാസമയം സേവനം ലഭ്യമാകുന്നു എന്ന് ഉറപ്പുവരുത്തേണ്ടത് പൊതു ഭരണ ചുമതലയുള്ള ധനകാര്യസ്റ്റാന്റിം കമ്മറ്റിയാണ്. എന്നാൽ ഇക്കാര്യത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധേയമായ ഇടപെടൽ ഉണ്ടായിട്ടുള്ളതായി കാണുന്നി

2.ക്രമവൽക്കരണം ഫീസ് ഇടാക്കുന്നതിൽ കുറവ്.

തദ്ദേശ സ്വയം ഭരണ വകുപ്പ് (അർ.ഡി)സെക്രട്ടറിയുടെ 229813/ആർ.ഡി -2/15 നമ്പർ കത്തിലൂടെ പെർമിറ്റ് എടുക്കാ പൂർണ്ണമായും ക്രമവല്ക്കരിക്കുന്ന കേസുകളിൽ പെർമിറ്റ് ഫീസും രാജിയാക്കൽ ഫീസും ഈടാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാ പഞ്ചായത്തിൽ പ്രസ്തുത നിർദ്ദേശപ്രകാരമുള്ള ഫീസ് ഈടാക്കിയതായി കാണുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പേര്,വിലാസം | പ്ലിന്ത് ഏരിയ | ക്രമവൽക്കരണത്തിന് ഈടാക്കേണ്ട ഫീസ് | ഈടാക്കിയത് | കുറവ് |
|---|---|---|---|---|
| ആന്റണി ഡെയ്സമ്മ, ധന്യ ഭവൻ | 256.73 | 256.73x9=2311 | 256.73x6=1540 | 771 |
| സുനിൽ കുമാർ, സുനിൽ നിവാസ് , കുടവെച്ചൂർ | 27.7 | 27.7x15=416 | 27.7x5= 140 | 276 |
| ടോമി ജോസ്, പുത്തൻ തറ കളത്തിൽ | 180.95 | 180.95x9=1629 | 180.95x6=1086 | 543 |
| ത്രേസ്യാമ്മ, ചേന്നോത്ത് ഹൗസ്, കുടവെച്ചൂർ.പി.ഒ | 147.78 | 147.78x9=1330 | 147.78x6=887 | 443 |

| | | | | |
|---|---|---|---|---|
| ജയ.എം.ആർ,കൊച്ചുകോട്ടപ്പുറത്ത്,ഇടയാഴം | 105.48 | 105.48x9=949 | 105.48x6=633 | 316 |
| സഹജൻ,കോട്ടയ്ക്കൽചിറ | 105.48 | 105.48x9=949 | 105.48x6=633 | 316 |
| സജികുമാർ & അനുപമ സജികുമാർ, പുളിയങ്ങാട്ട്, കുടവെച്ചൂർ | 128.25 | 128.25x9=1154 | 128.25x6=769 | 385 |
| സലിമോൻ,മഠത്തിക്കര, വെച്ചൂർ | 228.78 | 228.78x9=2059 | 228.78x6=1373 | 686 |
| ജയ്സൺ &മോട്ടി ,ജോസ് നിവാസ് , വെച്ചൂർ | 114.51 | 114.51x9=1031 | 114.51x6=688 | 343 |
| ഷിബി ,മാംമഗലത്ത്,വെച്ചൂർ | 120.01 | 120.01x9=1081 | 120.01x6=720 | 361 |
| മനോഹരൻ,തേവരിൽ,ഇടയാഴം | 79.83 | 79.83x9=718 | 79.83x6=479 | 239 |

ടി വിവരം ചൂണ്ടിക്കാണിച്ച് 12.07.18-ൽ നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.5) ലഭ്യമാക്കിയ മറുപടിയിൽ നഷ്ടമായ ത ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് . ഈടാക്കിയതിൽ കുറവായ തുക ഈടാക്കി തനത് വരുമാനം വർദ്ധിപ്പിക്കുന്നതി ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. <u>ബി.എസ്.എൻ.എൽ. മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നില്ല.</u>

മൊബൈൽ ടവറുകൾക്ക് 14.01.2011 ലെ സർക്കാർ ഉത്തരവ് നം.19/2011/തസ്വഭവ പ്രകാരം തറവിസ്തീർണ്ണാടിസ്ഥാനത്തിൽ നികു നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളിൽ ബി.എസ്.എൻ.എ ടവറുകൾ ഒഴികയുള്ള ആറ് ടവറുകളുടെ മാത്രം വസ്തുനികുതിയാണ് നിർണ്ണയിച്ച് ഈടാക്കിവരുന്നത് . ഇവയിൽ 9/356 നമ്പര Realiance Communications ഉടമസ്ഥതയിലുള്ള ടവറിന്റെ വസ്തുനികുതി 2013- 14 മുതൽ കുടിശികയാണ്.

ജി.ഒ(ആർ.ടി)2640/2012 ത.സ്വ.ഭ.വ.തീയതി 19.09.2011 പ്രകാരം ബി.എസ്.എൻ.എൽ ടവറുകളെ വസ്തുനികുതിയിൽ നിന ഒഴിവാക്കണമെന്ന ബി.എസ്.എൻ.എൽ ചീഫ് ജനറൽ മാനേജരുടെ അപേക്ഷ സർക്കാർ നിരസിച്ചിട്ടുണ്ട്. പഞ്ചായത്ത് പ്രദേശ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ ടവറുകളിൽ നിന്ന് പെർമിറ്റ് ഫീ, വസ്തുനികുതി എന്നിവ ഈടാക്കുന്നതിന് നടപടിക സ്വീകരിക്കേണ്ടതാണ്.

വസ്തുനികുതി നിർണ്ണയത്തിലുള്ള അപാകങ്ങൾ, നികുതി നിർണ്ണയിക്കാതിരിക്കൽ , അനധികൃത നിർമ്മാണം എന്നിവ ജനറ കമ്മറ്റി / വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയിൽ ചർച്ച ചെയ്യേണ്ടതും അപാകതകൾ ഒഴിവാക്കുന്നതിനുള്ള നടപടിക സ്വീകരിക്കേണ്ടതുമാണ്.

## 2-2 തൊഴിൽ നികുതി പരിശോധന

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, പത്രികകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

I)2016-17 വർഷത്തെ സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം, ഓരോ അർദ്ധ വർഷവും 1250/- രൂപ വീതം സ്ഥാപ തൊഴിൽ നികുതി ഒടുക്കിയിരുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2017-18 വർഷം നികുതി ഈടാക്കിയിട്ടില്ല.

| ക്രമ.നം. | സ്ഥാപനം |
|---|---|
| 1. | വൈക്കം ഫിനാൻസ് |
| 2. | ഗോകുലം ഫിനാൻസ് |
| 3. | എട്ടൊന്നിൽ ഫിനാൻസ് |
| 4. | കൃഷ്ണ പ്രിയ ഫിനാൻസ് |
| 5. | സോപാനം ഫിനാൻസ് |
| 6. | മാവേലി സ്റ്റോർ, കുടവെച്ചൂർ |
| 7. | റ്റി.എസ്. നം.8 |
| 8. | റ്റി.എസ്. നം.9 |
| 9. | റ്റി.എസ്. നം.13 |

II) 2016-17 വർഷത്തെ ട്രേഡേഴ്സിന്റെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം, വർഷം 2500/-രൂപ വീതം തൊഴിൽ നികുതി ഈടാക്കി താഴെപ്പറയുന്ന വ്യക്തികളിൽ നിന്നും 2017-18 വർഷം തുക ഈടാക്കിയിട്ടില്ല.

1.ഗിരീഷ്, വലിയമ്പള്ളിൽ, കുടവെച്ചൂർ

2. കെ.സുബൈർ മോൻ,ഓയിൽ പാം ഇന്ത്യ ലിമി.

III) 2016-17 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ (സ്ഥാപനം) പ്രകാരം തൊഴിൽ നികുതി ഒടുക്കിയ താഴെപ്പറയു സ്ഥാപനങ്ങളിൽ നിന്നും 2017-18 വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനം | തുക |
|---|---|
| റ്റി.എസ്. നം.13 | 4320 |
| വെച്ചൂർ കയർ വ്യവസായ സഹകരണ സംഘം | 2220 |
| ടിങ് ടോങ് ഇന്റർ നാഷണൽ പ്രൈ ലിമി. | 660 (2017-18 ഒന്നാം അർദ്ധ വർഷം ഈടാക്കിയിട്ടില്ല) |

അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.2/12.07.18) ഉ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

IV) <u>ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല</u>

താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി, സ്ഥാപന ഉടമ ഡി & ഒ ലൈസൻസിനായി നൽക് അപേക്ഷയിൽ രേഖപ്പെടുത്തിയതിനാനുപാതികമായി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | ഡി & ഒ ലൈസൻസ് അപേക്ഷ പ്രകാരം ജീവനക്കാരുടെ എണ്ണം | തൊഴിൽ നികുതി അടച്ച ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1) | ജെ.എം.ജെ,ന്യൂസ് പ്രൊഡക്ഷൻസ്, വെച്ചൂർ | 6 | ഇല്ല |
| 2) | സാന്റോ ക്ലിനിക് , വെച്ചൂർ | 6 | 3 |
| 3) | ഇന്ദ്രപ്രസ്ഥം ഫ്യൂവൽസ് | 4 | ഇല്ല |

പൊതുവേ വരുമാനം കുറവായ വെച്ചൂർ ഗ്രാമപഞ്ചായത്തിന്റെ ഒരു പ്രധാന വരുമാനമാർഗ്ഗമായ തൊഴിൽ നികുതി പൂർണ്ണമാ ഈടാക്കുന്നതിനായി സമയബന്ധിതമായി എല്ലാ സ്ഥാപനങ്ങൾക്കും ഡിമാന്റ് നോട്ടീസ് നൽകുകയും അടവാക്കാ സ്ഥാപനങ്ങൾക്കെതിരെ പഞ്ചായത്ത് രാജ് ആക്ട് പ്രകാരമുള്ള ശിക്ഷാ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. തൊഴിൽനിക ഈടാക്കുന്നതിലെ നടപടിക്രമങ്ങൾ സെക്രട്ടറി പൂർണ്ണമായും പാലിക്കേണ്ടതും ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഉ വരുത്തേണ്ടതുമാണ്.

## 2-3-1 ലൈസൻസുകളില്ലാതെ അനധികൃതമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെചേർക്കുന്ന സ്ഥാപനങ്ങൾ 2017-18 വർഷം ഡി&ഒ ലൈസൻസ് എടുക്കാ പ്രവർത്തിച്ചതായി കാണുന്നു.

| ക്രമ നം. | സ്ഥാപനം |
|---|---|
| 1 | കള്ളുഷാപ്പുകൾ |
| 2 | ഇറച്ചി/ മത്സ്യ വിൽപന ശാലകൾ |
| 3 | ക്ഷീരോൽപാദകസംഘങ്ങൾ |
| 4 | റേഷൻ കടകൾ |
| 5 | മാവേലി സ്റ്റോഴ്സ് / സിവിൽ സപ്ലൈസ് കേന്ദ്രങ്ങൾ |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.1)യ്ക്ക് പ്രസ്തുത സ്ഥാപനങ്ങൾക്കെതിരെ നടപടിക സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഈ വിഷയത്തിൽ കൂടുതൽ ജാഗ്രത പുലർത്തേണ്ടതുണ്ട്.

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം, 795 കെട്ടിടങ്ങൾ വാണിജ്യാവശ്യത്തിനായി അസസ്സ് ചെയ്തിട്ടുണ്ടെങ്കിലും ഡി & ലൈസൻസ് നേടി പ്രവർത്തിക്കുന്നത് 262 സ്ഥാപനങ്ങൾ മാത്രമാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടേയും പഞ്ചായ ഭരണസമിതിയുടേയും അടിയന്തിര ശ്രദ്ധ ഈ വിഷയത്തിലുണ്ടാകേണ്ടതാണ്.

## 2-3-2 ലൈസൻസിനായുള്ള അപേക്ഷയോടൊപ്പം ആവശ്യമായ രേഖകൾ ഉണ്ടെന്ന് ഉറപ്പുവരുത്തുന്നില്ല.

ഹോട്ടൽ, ബേക്കറി, തുടങ്ങിയവയുടെ ഡി& ഒ അപേക്ഷകളോടൊപ്പം ഉണ്ടായിരിക്കേണ്ട FSS ആക്ട് 2006 പ്രകാരമു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ജീവനക്കാരുടെ ഹെൽത്ത് കാർഡ് എന്നിവ ഉൾപ്പെടുത്തിയതായി കാണുന്നില്ല. സാനിട്ടേഷ സർട്ടിഫിക്കറ്റ് മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം. | അപേക്ഷകന്റെ വിവരങ്ങൾ | കെട്ടിട നം. | ഡി&ഒ ലൈസൻസിന്റെ ആവശ്യം |
|---|---|---|---|
| 1 | രഞ്ജൻ റ്റി., തട്ടാപറമ്പിൽ,<br>ഹോട്ടൽ ഓയാസ്സീസ് | 167A | ഹോട്ടൽ |
| 2 | ജോസഫ് എൻ.വി, നെല്ലിക്കുന്നത്ത്, ഹോട്ടൽ മഡോണ | 9/81, 9/82 | ഹോട്ടൽ & ബേക്കറി |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.3 ന്, തുടർ വർഷങ്ങളിൽ ഇതു സംബന്ധിച്ച അപാക പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ലൈസൻസിന്റെ നടപടിക്രമങ്ങൾ കാര്യക്ഷമമായ നടപ്പാക്കുന്നുവെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.

## 2-3-3 ലൈസൻസ് ഫീ ക്രമപ്രകാരം ഈടാക്കിയിട്ടില്ല

2017-18 വർഷം ഡി&ഒ ലൈസൻസിനായി മലയാറ്റിൽ സോമിൽ എന്ന സ്ഥാപനത്തിന്റെ അപേക്ഷയിൽ സ്ഥാപനം 43 എ. പി. യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്നുണ്ടെങ്കിലും ആനുപാതികമായ ഫീസ് (500/- രൂപയ്ക്കു പകരം 200/- രൂപ മാത്ര ഈടാക്കിയതായി കാണുന്നില്ല. കുറവായി ഈടാക്കിയിട്ടുള്ള 300/- രൂപ (500-200) ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ വര ചേർത്ത് രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 2-4 ഇ-ടെണ്ടർ-ടെണ്ടർ ഫോറവില ഗ്രാമപഞ്ചായത്തിന് ലഭ്യമായില്ല.

2017-18 വർഷം പഞ്ചായത്തിൽ 8 പ്രവൃത്തികൾക്ക് ഇ-ടെണ്ടർ ക്ഷണിച്ചിരുന്നു. ടി പ്രവൃത്തികളുടെ ടെൻഡർ ഫീസിനത്തിലു തുക എൽ.എസ്.ജി.ഡി.എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള അക്കൗണ്ടിലേക്ക് ഓൺലൈനായി ക്രഡിറ്റ് ചെയ്തിട്ടു നിലവിൽ ഇ ടെണ്ടർ സംബന്ധിച്ച സാമ്പത്തിക വിനിമയങ്ങൾക്കായി കോട്ടയം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറു അക്കൗണ്ടിൽ ടിയിനത്തിൽ സൂക്ഷിച്ചിട്ടുള്ള തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട്/പ്രോജക്ട് നമ്പർ | ടെണ്ടർഫീസ് | ഇ.എം.ഡി | ലഭിച്ച ടെൻഡറുകൾ(എണ്ണം) |
|---|---|---|---|
| 119/18 കൊട്ടുതുരുത്ത്-മറ്റം-വളച്ചക്കരി-എസ്.എൻ.ഡി.പി റോഡ് രണ്ടാം ഘട്ടം | 2950 | 50000 | 2 |
| 66/18-ചേരക്കുളങ്ങര – പട്ടത്താനം റോഡ് ടാറിംഗ് | 2950 | 50000 | 4 |
| 118/18 വനിത സ്വയംസഹായ സംഘം പൂർത്തീകരണം | 2360 | 25000 | 1 |
| 124/18 ബസ് സ്റ്റാന്റിന് ചുറ്റുമതിൽ നിർമ്മാണം | 2950 | 26900 | 4 |
| 76/18 എസ്.ബി.റ്റി – വള്ളക്കുളം റോഡ് മെറ്റലിംഗ്, ടാറിംഗ് | 1700 | 18000 | 4 |
| 72/18 തൃക്കേനട പാഴശ്ശേരി റോഡ് മെറ്റലിംഗ്, ടാറിംഗ് | 1570 | 16600 | 4 |
| 105/18 ഈരയിൽ – കൽച്ചിറ റോഡ് മെറ്റലിംഗ്, ടാറിംഗ് | 1470 | 15500 | 3 |
| 74/18 എസ്.ബി.റ്റി. കൊച്ചുതോട് റോഡ് മെറ്റലിംഗ്, ടാറിംഗ് | 1280 | 13500 | 4 |

ടെണ്ടർ ഫീസ് ഇനത്തിൽ ഒടുക്കിയ തുക എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും പഞ്ചായത്ത് ഫണ്ടിലേ ലഭ്യമാക്കുന്നതിന് ആവശ്യമായ ക്ലെയിം നൽകി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ - അവലോകനം

**1.ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി**

കൃത്യമായ ഇടവേളകളിൽ യോഗം ചേരുകയും നിയമപരായ ചുമതലകൾ നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തിന മോശമായ സാമ്പത്തിക സ്ഥിതിയെ സംബന്ധിച്ച് ചർച്ചകൾ നടത്തുകയും ആയത് പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ജനറ കമ്മറ്റിക്ക് ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി താഴെപ്പറയുന്ന പദ്ധതികൾക്ക് സാമ്പത്തിക അനുമ നല്കിയിട്ടുണ്ടെങ്കിലും ആയവ അംഗീകരിച്ച പ്രോജക്ടുകളിൽ ഉൾപ്പെടുന്നില്ല.

i) പി എം എ വൈ പദ്ധതി വിഹിതം - 100000/-

ii) അങ്കണവാടി സ്ഥലം വാങ്ങൽ - 300000/-

**2. വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി**

ചുമതലയിൽപ്പെട്ട എല്ലാ വിഷയങ്ങളും പ്രോജക്ട് അവലോകനവും സൂത്യർഹമായ രീതിയിൽ ചർച്ച ചെയ്ത് നിർദ്ദേശങ്ങ സമർപ്പിക്കുവാൻ ഈ കമ്മറ്റിക്ക് സാധിച്ചിട്ടുണ്ട്.

**3. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി**

വിവിധ ക്ഷേമപെൻഷനുകളുമായി ബന്ധപ്പെട്ട വിശദമായ ചർച്ചകൾ പ്രതിമാസ യോഗങ്ങളിൽ വന്നിട്ടുള്ളതും അനർഹ ഒഴിവാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. എന്നാൽ ആശ്രയ പ്രോജക്ടിനെ സംബന്ധിച്ച് യാതൊരു ചർച്ച തൻവർഷം നടത്തിയിട്ടില്ല.

**4. ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മറ്റി**

പ്രവർത്തനം തൃപ്തികരമാണ്. പ്രതിമാസ യോഗങ്ങൾ ചേർന്ന് ചുമതലകൾ കൃത്യമായി നിർവ്വഹിക്കുകയും വേണ്ട നിർദ്ദേശങ്ങ നൽകുകയും ചെയ്യുന്നുണ്ട്.

## 3-2 വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല

ചുവടെ ചേർക്കുന്ന ചെലവു തുകകളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ/പേര് | നിർവ്വഹണോദ്യോഗസ്ഥൻ | ചെലവ് തുക/ഫണ്ട് | ബിൽ നമ്പർ – തുക സ്വീകരിച്ച ഓഫീസ് |
|---|---|---|---|---|
| 1 | 98/18 വിവിധ വാർഡുകളിലെ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | സെക്രട്ടറി | 370000 ധനകാര്യകമ്മീഷൻ ഗ്രാന്റ് | 50/17-18/24.2.18 എക്സി.എഞ്ചിനീയർ,വാട്ടർ അതോറിറ്റി,കടുത്തുരുത്തി. |
| 2 | 133/18 വിവിധ വാർഡുകളിലെ വൈദ്യുത ലൈൻ എക്സ്റ്റൻഷൻ | സെക്രട്ടറി | 1423929 ധനകാര്യകമ്മീഷൻ ഗ്രാന്റ് 200000 ബ്ളോക്ക് വിഹിതം | 52/17-18/ 17.3.18 58/17-18/ 27.3.18 അസി.എഞ്ചിനീയർ, കെഎസ്ഇബി, ഇലക്ട്രിക് സെക്ഷൻ, തലയാഴം. |
| 3 | 129/18 മൂന്നാം വാർഡിലെ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | സെക്രട്ടറി | 893720 തനത് ഫണ്ട് 341121 വികസനഫണ്ട് | 45/17-18/19.2.18 എക്സി.എഞ്ചിനീയർ,വാട്ടർ അതോറിറ്റി, കടുത്തുരുത്തി. |
| 3 | 3/18 എസ്.എസ്.എ വിഹിതം അടവാക്കൽ | സെക്രട്ടറി | 300000 വികസനഫണ്ട് | 5/17-18/ 13.7.17 |

| | | | | |
|---|---|---|---|---|
| | | | | പ്രോജക്ട് ഡയറക്ടർ,എസ്.എസ്.എ |
| | | ആകെ | 3528770 | |

വിനിയോഗസാക്ഷ്യപത്രം ലഭ്യമാകാത്തതിനാൽ 3528770/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 സ്റ്റേറ്റ് ലൈഫ് ഇൻഷുറൻസ് പോളിസി - അടിസ്ഥാന ശമ്പളത്തിനാനുപാതികമായി ഈടാക്കുന്നില്ല

GO(P) NO.149/2016/Fin dated 04.10.2016 പ്രകാരം, 35700 രൂപ മുതൽ 55349 രൂപ വരെ അടിസ്ഥാന ശമ്പളം കൈപ്പറ്റു ജീവനക്കാരിൽ നിന്നും 01.01.17 മുതൽ എസ്.എൽ.ഐ.സബ്സ്ക്രിപ്ഷൻ 500/- രൂപ നിരക്കിൽ ഈടാക്കേണ്ടതുണ്ട്. എന്നാ പഞ്ചായത്ത് സെക്രട്ടറി ശ്രീ.സന്തോഷ് കുമാറിന്റെ അടിസ്ഥാന ശമ്പളം 46900/- രൂപയാണെങ്കിലും ശമ്പളത്തിൽ നിന്നും 250 രൂപ മാത്രമാണ് എസ്.എൽ.ഐ.റിക്കവറി ഇനത്തിൽ കുറവ് ചെയ്യുന്നത്. സർക്കാർ ഉത്തരവ് പ്രകാരമുള്ള എസ്.എൽ.ഐ.റിക്കവ സെക്രട്ടറിയുടെ ശമ്പളത്തിൽ നിന്നും തുടർമാസങ്ങളിൽ ഈടാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 ലൈഫ് മിഷൻ - ഒന്നാം ഘട്ടം പ്രാരംഭദശയിൽ

വി.ഇ.ഒ നിർവ്വഹിക്കുന്ന ലൈഫ് മിഷൻ ഒന്നാംഘട്ടപ്രവർത്തനത്തിൽ മുൻ വർഷങ്ങളിൽ വിവിധ പദ്ധതിയിൽപ്പെട്ട് നിർമ്മാണ ആരംഭിച്ചതും പൂർത്തീകരിക്കാത്തതുമായ ഭവനങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുക എന്നതായിരുന്നു ലക്ഷ്യം. അതിലേക്കായി ഗുണഭോക്താക്കളെ കണ്ടെത്തുകയും 1733333 രൂപ അടങ്കലായി പ്രോജക്ട് രൂപീകരിക്കുകയും ചെയ്തു. തൻവർഷം വികസനഫണ്ടി നിന്നും 607490 രൂപയും ജില്ലാപഞ്ചായത്ത് വിഹിതത്തിൽ നിന്ന് 110000 രൂപയും ചെലവഴിച്ചു.നാളിതുവരെ 3 ഗുണഭോക്താക്ക മാത്രമാണ് ഭവനനിർമ്മാണം പൂർത്തിയാക്കിയത്. 8 ഗുണഭോക്താക്കൾ ഭവനനിർമ്മാണം സ്വയം പൂർത്തിയാക്കില്ല എ ബോദ്ധ്യപ്പെട്ടപ്പോൾ വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 10.5.18 ലെ 3 നമ്പർ തീരുമാനത്തിലെ നിർദ്ദേശപ്രകാരം ഏജ മുഖാന്തിരം പ്രവൃത്തി ചെയ്യാൻ തീരുമാനിക്കുകയും കരാറിലേർപ്പെടുകയും ചെയ്തു. ഗുണഭോക്താക്കളുടെ വിവ ഭവനനിർമ്മാണഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താക്കളുടെ പേര് | നിലവിലെ സ്റ്റേജ് |
|---|---|---|
| 1 | വിദ്യാധരൻ, ഹരിജൻകോളനി | തറ നിർമ്മാണം |
| 2 | അമ്മിണി, കുന്നങ്കേരിൽ | തുടങ്ങിയില്ല |
| 3 | കുഞ്ഞുകൊച്ച് , കളരിക്കത്തറ | ഭിത്തി നിർമ്മാണം |
| 4 | സുമതി,താനാട്ടുതറ | ഭിത്തി നിർമ്മാണം |
| 5 | പുഷ്പവല്ലി, ഹരിജൻകോളനി | മേൽക്കൂര നിർമ്മാണം |
| 6 | ലക്ഷ്മി, ഹരിജൻകോളനി | മേൽക്കൂര നിർമ്മാണം |
| 7 | രാജു, കളപ്പുരയ്ക്കൽ | തറ നിർമ്മാണം |
| 8 | പത്മാവതി, ഉഴുത്തേരിൽ | ഭിത്തി നിർമ്മാണം |
| 9 | ശാന്താമുരളി, മുതുപാറക്കുന്നേൽ | ഭിത്തി നിർമ്മാണം |
| 10 | റജിമോൻ, തൈത്തറ | പൂർത്തിയാക്കി |
| 11 | പ്രകാശൻ, തോട്ടുചിറ | പൂർത്തിയാക്കി |
| 12 | നടരാജൻ, ജിബീഷ് ഭവനം | ഭിത്തി നിർമ്മാണം |
| 13 | ജയലാൽ, കരിപ്പടപ്പള്ളി | പൂർത്തിയാക്കി |

ഇ.എം.എസ് ഭവനനിർമ്മാണപദ്ധതിയുമായി ബന്ധപ്പെട്ട് വി.ഇ.ഒയുടെയും പ്രസിഡന്റിന്റെയും പേരിലുണ്ടായിരുന്ന അക്കൗണ്ടി (നമ്പർ കെ 4000, എസ്.സി.ബി. വെച്ചൂർ) ബാലൻസുണ്ടായിരുന്ന 5,28,525/- രൂപ 16.2.18 ലെ ജനറൽ കമ്മറ്റിയുടെ 14 തീരുമാനപ്രകാരം ലൈഫ് പദ്ധതിക്കായി വിനിയോഗിക്കാൻ തീരുമാനിച്ചു. 8.6.18 ൽ ടി അക്കൗണ്ട് ക്ലോസ് ചെ

തനതുഫണ്ടിലേക്ക് തുക മാറ്റുകയും ചെയ്യു. അവശേഷിക്കുന്ന 10 ഗുണഭോക്താക്കളുടെ ഭവനനിർമ്മാണ പൂർത്തിയാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 മത്സ്യമേഖലയിലെ പദ്ധതി രൂപീകരണം പാളിച്ചകൾ

മത്സ്യബന്ധനമേഖലയുമായി ബന്ധപ്പെട്ട് ധാരാളം ജനങ്ങൾ ഉപജീവനം നടത്തുന്ന വെച്ചൂർ ഗ്രാമപഞ്ചായത്തിൽ തൻവർഷ ഫിഷറീസ് ഇൻസ്പെക്ടർ 53 ഗുണഭോക്താക്കൾക്കായി വിഭാവനം ചെയ്ത് നടപ്പിലാക്കിയ ഏക പ്രോജക്ടായ 'മത്സ്യ തൊഴിലാ വനിതകൾക്ക് ഐസ് ബോക്സ് വാങ്ങൽ' പദ്ധതിയിൽ (പ്രോജക്ട് നം.S0130/18, അടങ്കൽ- 200000/-) കേവലം 4 പേർ മാത്രമാ ഗുണഭോക്താക്കളായിട്ടുള്ളത് (ചെലവ്- 14960). ഈ മേഖലയിൽ ആവശ്യമായ പഠനവും ആലോചനയും കൂടാതെ പദ്ധ നടപ്പിലാക്കിയത് മൂലമാണ് അടങ്കൽ തുകയുടെ കേവലം 7.48% മാത്രം ചെലവാക്കുവാനിടയായത്. വരും കാലങ്ങളിൽ ആവശ്യമാ മുൻകരുതലുകളോടെ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. പദ്ധതി രൂപീകരണത്തിെ മേൽനോട്ടത്തിലും മത്സ്യ സഭയും വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും കൂടുതൽ ജാഗ്രത പുലർത്തേണ്ടതാണ്.

## 3-6 തരിശ് ഭൂമികൾ കൃഷിയോഗ്യമാക്കേണ്ടതാണ് - വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ പതിയണം

പൊതുവേ കൃഷിക്കും പ്രത്യേകിച്ച് നെൽകൃഷിക്ക് ധാരാളം സാധ്യതകളുള്ള വെച്ചൂർ ഗ്രാമപഞ്ചായത്തിൽ, തരിശ് ഭൂമികള കൃഷിക്ക് അനുയോജ്യമായിട്ടും ഉപയോഗയോഗ്യമാക്കാത്ത പ്രാന്തപ്രദേശങ്ങളും കൃഷി ചെയ്യിപ്പിക്കുന്നതിനായുള്ള ഇടപെട നടത്തിയിട്ടുണ്ടെങ്കിൽ ആയതുസംബന്ധിച്ച വിശദീകരണം ആരാഞ്ഞുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറി നം.1- ന് തരിശ് ഭൂമികര സംബന്ധിച്ച കണക്കുകൾ ശേഖരിച്ചുവരുന്നതായും കൃഷിഓഫീസിന്റെ ശ്രദ്ധയിൽ പെട്ടിട്ടുള്ള കുട്ടപ്പുറം -മുരിയംങ്ക പാടശേഖരത്തുള്ള 25 ഹെക്ടർ ഭൂമി കൃഷിയോഗ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ (രേഖകൾ മറുപടിയോടൊപ്പം ഹാജരാക്കിയിട്ടുണ 2017-18 വർഷം നടത്തിയെങ്കിലും വിജയത്തിലെത്താൻ സാധിച്ചിട്ടില്ലന്നറിയിച്ചിട്ടുണ്ട്. തൻ വർഷം പ്രസ്തുത പാടശേഖരം വളച്ചക്കരി (6 ഹെക്ടർ) വലിയകൊട്ടിയകരിത്തടം (18 ഹെക്ടർ) എന്നീ പ്രധാനപ്പെട്ടതും മറ്റ് തരിശ് ഭൂമികളായി കണ്ടെത്തിയിട്ടുള്ള കൃഷിസ്ഥലങ്ങളും ക്രമപ്രകാരം പഞ്ചായത്ത് ഏറ്റെടുത്ത് കൃഷി യോഗ്യമാക്കുന്നതിന് വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയു പരിശ്രമവും, പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയും ഉണ്ടാകേണ്ടതാണ്.

## 3-7 പാലിയേറ്റീവ് കെയർ - പ്രോജക്ട് നംപർ 79/18 – പദ്ധതി നടത്തിപ്പിൽ അപാകതകൾ

1. മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ (പ്രോജക്ട് നം.79/18) പാലിയേറ്റീവ് കെയർ പദ്ധതിയി ബിൽ നമ്പർ 10/17-18 പ്രകാരം, 118600/- രൂപ പാലിയേറ്റീവ് കെയറുമായി ബന്ധപ്പെട്ട വാഹന വാടക, ഭക്ഷണ ചെലവ്, 9/ 10/17, 11/17,12/17 മാസങ്ങളിലെ നേഴ്സിന് നൽകേണ്ട ഓണറേറിയം എന്നീ ചെലവുകൾക്കായി പിൻവലിച്ചിട്ടുണ്ട്. ഫയ പരിശോധിച്ചതിൽ, നേഴ്സ് ശ്രീമതി സന്ധ്യാമോളുടെ അക്കൗണ്ടിൽ 40000/- രൂപ ക്രെഡിറ്റ് ചെയ്യേണ്ടിടത്ത് 45000/- രൂപ വാഹന വാടക ഇനത്തിൽ ശ്രീ. ഷിബുവിന്റെ അക്കൗണ്ടിൽ 62100/- രൂപ ക്രെഡിറ്റ് ചെയ്യേണ്ടിടത്ത് 57600/- രൂപയും ഭക്ഷ ചെലവിനത്തിൽ ശ്രീ. സുമേഷിന്റെ അക്കൗണ്ടിൽ 16500/- രൂപ ക്രെഡിറ്റ് ചെയ്യേണ്ടിടത്ത് 16000/- രൂപയും ക്രെഡിറ്റ് ചെയ്തതാ കാണുന്നു.

5000/- രൂപ അക്കൗണ്ടിൽ അധികം ക്രെഡിറ്റ് വന്നിട്ടുണ്ട് എന്ന് ശ്രീമതി. സന്ധ്യാമോൾ മെഡിക്കൽ ഓഫീസ അറിയിച്ചിട്ടില്ല. കൂടാതെ 4500/- രൂപ കുറവ് ക്രെഡിറ്റിൽ വന്നത് സംബന്ധിച്ച് വാഹന ഉടമസ്ഥൻ പരാതിപ്പെടുകയോ, 500/- രൂ കുറവ് ക്രെഡിറ്റിൽ വന്നത് സംബന്ധിച്ച് ഹോട്ടൽ ഉടമസ്ഥൻ പരാതിപ്പെടുകയോ ചെയ്തിട്ടില്ല എന്ന് കാണുന്നു.

ഈ വിഷയത്തിന്മേൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിം കമ്മിറ്റിയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഇക്കാര്യത്തിൽ ആവശ്യമായ ഇടപെടലുകൾ നടത്തേണ്ടതാണ്.

2. <u>മരുന്നുകൾ ലഭ്യമായിട്ടില്ല</u>

പദ്ധതിക്കായി ബിൽ നം. 18/17-18 പ്രകാരം, 150000/- രൂപ മരുന്നുകൾ വാങ്ങുന്നതിലേക്കായി കേരള മെഡിക്കൽ സർവീസ കോർപ്പറേഷൻ ലിമിറ്റഡിന് നല്കിയിട്ടുണ്ട് (22/3/18 ലെ PRF 5280 -ാം നംപർ ഇൻവോയിസ്).എന്നാൽ ഓഡിറ്റ് തീയതി വ മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാക്കുന്നത് വ മേൽ പ്രോജക്ടിനായുള്ള 1,50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-8 ആയുർവേദ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ - മരുന്നുകൾ

# ഇനിയും ലഭിക്കുവാൻ അവശേഷിയ്ക്കുന്നു

ആയുർവേദ ഡോക്ടർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ 61/18-ാം നമ്പർ പ്രോജക്ട് പ്രകാരം മരുന്നുക വാങ്ങുന്നതിലേക്കായി 450000/- രൂപ ബിൽ നം. 1/17-18 പ്രകാരം പിൻവലിച്ച് ഔഷധിക്ക് നല്കിയിട്ടുണ്ട്. എന്നാൽ താഴെപ്പറയു മരുന്നുകൾ ഓഡിറ്റ് തീയതി വരെ ലഭ്യമായിട്ടില്ല.

1. ഗന്ധർവ്വ ഹസ്താദി കഷായ ചൂർണം - 29 പാക്കറ്റ് -വില -10367/-

2. ക്ഷീരബല തൈലം - 9 ബോട്ടിൽ -1485/- രൂപ

മരുന്നുകൾ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാക്കുന്നതുവരെ മേൽ പ്രോജക്ടിനായുള്ള 11,852/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-9 ആശ്രയപദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ ആശ്രയപദ്ധതിപ്രോജക്ട് ഗുണഭോക്താക്കൾക്ക് അടിസ്ഥാന ജീവിതസൗകര്യങ്ങളൊരുക്കുന്നതി ഫലപ്രാപ്തി കൈവരിച്ചിട്ടില്ല. കുറച്ച് വർഷങ്ങളായി ആശ്രയപദ്ധതി ഗ്രാമപഞ്ചായത്തിൽ നിർജീവാവസ്ഥയിലാണ്.കുടുംബശ്രീവ നടപ്പാക്കുന്ന പദ്ധതിയിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഫലപ്രദമായി ഇടപെടുന്നില്ല.സ്റ്റാന്റിംഗ് കമ്മറ്റിയുടെ തൻവർഷം കൂട് യോഗങ്ങളിലൊന്നും ആശ്രയപദ്ധതി സംബന്ധിച്ച വിഷയം ചർച്ച ചെയ്തിട്ടേയില്ല.

104 അഗതി കുടുംബങ്ങൾക്ക് സേവനം നൽകുന്നതിനായി 83,50,000 രൂപ അടങ്കലായി രൂപീകരിച്ച രണ്ടാംഘട്ട പ്രോജ 2017-18 ൽ അവസാനിച്ചു. നിലവിൽ 21,75,236/-രൂപ ചെലവഴിക്കാതെ അക്കൗണ്ടിൽ ശേഷിക്കുന്നു (അക്കൗണ്ട് നമ 67317421638,എസ്.ബി.ടി കുടവെച്ചൂർ). 29 അഗതി കുടുംബങ്ങൾക്ക് സേവനം നൽകുന്നതിനായി 22,75,900 രൂപ അടങ്കലായി 201 16 ൽ രൂപീകരിച്ച രണ്ടാംഘട്ട തുടർസേവന പ്രോജക്ട് 2018-19 ൽ അവസാനിക്കും. നാമമാത്ര സേവനങ്ങൾ മാത്രമാ ഗുണഭോക്താക്കൾക്ക് നൽകിയത്. തൻവർഷം വികസനഫണ്ടിൽ നിന്നും നൽകിയ 5,00,000 രൂപ ഉൾപ്പെടെ നിലവി 21,61,209/-രൂപ ചെലവഴിക്കാതെ ടി അക്കൗണ്ടിലും ശേഷിക്കുന്നു (അക്കൗണ്ട് നമ്പർ 67317421752,എസ്.ബി.ടി കുടവെച്ചൂർ). ര അക്കൗണ്ടിലുമായി ആകെ 4336445 രൂപ ചെലവഴിക്കാൻ അവശേഷിക്കുന്നു. അവശതയനുഭവിക്കുന്നവരും ആലംബഹീനരുമാ ജനതയ്ക്ക് അടിസ്ഥാന ജീവിത സൗകര്യമൊരുക്കുന്നതിൽ ഗ്രാമപഞ്ചായത്ത് കൂടുതൽ ശ്രദ്ധ കൊടുക്കേണ്ടതാണ്. ഈ വിഷയത്തി ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഉണ്ടാവേണ്ടതാണ്.

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഓഡിറ്റ് വർഷത്തിൽ ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നീസ്ഥാപനങ്ങളിൽ നിന്നും സംയുക്ത പ്രൊജക്ടുകൾക്കാ ലഭിച്ച ഫണ്ടിന്റെ വിനിയോഗ വിവരങ്ങൾ താഴെ ചേർക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 81250 | ശാരീരികമാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 81250 |
| | 2017-18 | 729306 | ലൈഫ് മിഷൻ പദ്ധതി | 111000 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 300,000/- | പാൽ ഉദ്പാദനത്തിന് ഇൻസെന്റീവ് | 3,00,000/ |
| ടി | 2017-18 | 50,000/- | ജൈവ പച്ചക്കറി ഗ്രാമം | 50,000/ |
| ,, | 2017-18 | 5,00,000/- | പെട്ടിയും പറയും | 5,00,000/- |
| ,, | 2017-18 | 81,250/- | ശാരീരികമാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 81,250/- |
| ,, | 2017-18 | 1,00,000/- | പാലിയേറ്റീവ് കെയർ | 1,00,000/- |
| ,, | 2017-18 | 50,000/- | അങ്കണവാടികളിൽ പോഷകാഹാരം | 50,000/ |
| ,, | 2017-18 | 2,00,000/- | വൈദ്യുതി ലൈൻ എക്സ്റ്റൻഷൻ | 2,00,000/- |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിലെ താഴെപറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻക നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | പൂർത്തീകരിച്ച വിവരം |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൈപ്പ്ലൈൻ എക്സ്റ്റൻഷൻ | 21700898/ 31.3.17 | 3,41,121/- | ലഭ്യമായിട്ടില്ല |
| | | 21700691/ 31.3.17 | 8,93,679/- | |
| | | 21700903/ 31.3.17 | 3,70,000/- | |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ്ലൈൻ എക്സ്റ്റൻഷൻ | 21700907/23.2.2018 | 12,64,067/- | ലഭ്യമായിട്ടില്ല |
| | | 21700717/25.2.2018 | 2,00,000/- | |
| | | 21700962/25.3.2018 | 1,59,862/- | |
| കെ.എസ്.ഇ.ബി | പോസ്റ്റ് ഷിഫ്റ്റിംഗ് | 21700821/17.8.2017 | 15,427/- | ലഭ്യമായിട്ടില്ല |
| | | 21700909/15.2.2018 | 49,351/- | |
| | | 21700963/26.3.2018 | 43,152/- | |

പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിനിയോഗവിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

തൻവർഷം ഈയിനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

തൻവർഷം വായ്പ തിരിച്ചടവിനത്തിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

## 4-5 സ്ഥിരനിക്ഷേപം

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

തൻവർഷം ഓഡിറ്റ് റിക്കവറിയിനത്തിൽ ലഭ്യമായ തുകകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/ തിയതി |
|---|---|---|---|---|
| 2016/17 | പാാര. 3.2 | 2190 | അസി. എഞ്ചിനീയർ, എൽ.എസ്.ജി.ഡി | 117140101805/ 08.01.2018 |
| 2002/03 | പാര. 2.12(3) | 2064 | റ്റി.വൈ. ജസ്‌ലറ്റ്, റിട്ടേർഡ് സെക്രട്ടറി | 117140101804/ 08.01.2018 |
| 2007/08 | പാര. 2.1 | 870 | മെഡിക്കൽ ഓഫീസർ, സിഎച്ച്.സി | 117140101802/ 06.01.2018 |
| 2000/01 | പാര. 2.3 | 900 | മെഡിക്കൽ ഓഫീസർ, സിഎച്ച്.സി | 117140101801/ 06.01.2018 |
| 2000/01 | പാര. 2.2 | 150 | പ്രകാശൻ | 117140101800/ 06.01.2018 |
| 2000/01 | പാര. 2.2 | 150 | തങ്കമ്മ കെ.ജെ., മുൻ എച്ച് എസ് എ, ഗവ. ഡി.വി.എച്ച്.എസ് | 117140101799/ 06.01.2018 |
| 2000/01 | പാര. 2.1 | 100 | ശാന്ത | 117140100573/ 08.09.2017 |
| ആകെ | | 6424 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2001-02 ഖ.X-13, 6.5.2001ലെ സ്പെഷ്യൽ ലെറ്റർ രസീതുബുക്കിലെ തീയതി തിരുത്തി താത്കാല് പണാപഹരണം.

## 4-8 ചാർജ്ജ്/ സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/ തടസ്സപ്പെടുത്തിയതിന് ഉത്തരവാദികളുടെ പേരും മേൽവിലാസവും

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 74088376 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 72025036 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | -- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3690622 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 3528770 | ശ്രീ.സന്തോഷ് കുമാർ ജി., സെക്രട്ടറി, വെച്ചൂർ ഗ്രാമപഞ്ചായത്ത് |
| 3-7(2) | 150000 | ഡോ.ജി.ഐ.സപ്ന, മെഡിക്കൽ ഓഫീസർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, ഇടയാഴം |
| 3-8 | 11852 | ഡോ.സുനിൽ എ.വി., മെഡിക്കൽ ഓഫീസർ, ആയുർവേദ ഡിസ്പെൻസറി, വെച്ചൂർ |
| ആകെ | 3690622 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സപ്പെടുത്തലിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സന്തോഷ് കുമാർ ജി., സെക്രട്ടറി | സെക്രട്ടറി, വെച്ചൂർ ഗ്രാമപഞ്ചായത്ത്, കുടവെച്ചൂർ പി.ഒ., വൈക്കം | ശ്രീ.സന്തോഷ് കുമാർ ജി. ആഞ്ജനേയം, ചിലപ്പാറ, പേയാട് പി.ഒ., തിരുവനന്തപുരം 695573 |
| ഡോ.ജി.ഐ.സപ്ന, മെഡിക്കൽ ഓഫീസർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, ഇടയാഴം | മെഡിക്കൽ ഓഫീസർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, ഇടയാഴം | ഡോ.ജി.ഐ.സപ്ന, ഗൌരീശ, പുളിഞ്ചുവട് വൈക്കം – 686144 |
| ഡോ.സുനിൽ എ.വി., മെഡിക്കൽ ഓഫീസർ, ആയുർവേദ ഡിസ്പെൻസറി, വെച്ചൂർ | മെഡിക്കൽ ഓഫീസർ, ആയുർവേദ ഡിസ്പെൻസറി, വെച്ചൂർ | ഡോ.സുനിൽ എ.വി., മെഡിക്കൽ ഓഫീസ ആയുർവേദ ഡിസ്പെൻസറി, വെച്ചൂർ |

## 4-10 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിയ്ക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1998-99 | എൽ.എഫ്.കെ.പി5/562/00/8.6.04/3.9.04 | 2 |
| 2002-03 ചെലവ് | കെ.എസ്.എ-കെ.ടി.എം പി6/അദാ.18/33(4)/18/08.01.18 | 1 |
| 2003-04 ചെലവ് | കെ.എസ്.എ-കെ.ടി.എംപി6/418/15/4.1.16 | 9 |
| 2003-04 വരവ് | എൽ.എഫ്.കെ.പി.6/അദാ.18/33(5)/18/08.01.18 | 1 |
| 2004-05 ചെലവ് | കെ.എസ്.എ-കെ.ടി.എം.പി6/1548(b)/16/02.04.17 | 1 |
| 2004-05 വരവ് | എൽ.എഫ്.കെ.പി.7/190/10/19.3.10 | 8 |
| 2005-06 | കെ.എസ്.എ-കെ.ടി.എം.പി6/അദാ.18/33(7)/18/08.01.18 | 1 |
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി6/അദാ.18/33(9)/18/08.01.18 | 1 |
| 2008-09 | കെ.എസ്.എ-കെ.ടി.എം.പി6/അദാ.18/33(10)/18/08.01.18 | 1 |
| 2009-10 | കെ.എസ്.എ-കെ.ടി.എം.പി6/അദാ.18/33(11)/18/08.01.18 | 1 |
| 2010-11, 2011-12 | കെ.എസ്.എ-കെ.ടി.എം.പി6/അദാ.18/33(12)/18/08.01.18 | 5 |
| 2012-13, 2013-14 | കെ.എസ്.എ-കെ.ടി.എം.പി6/816/03.10.16 | 5 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി6/1498/16/31.01.17 | 10 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി6/1676/16/9.11.17 | 13 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി6/1394/17/05.12.17 | 14 |

**ഡെപ്യൂട്ടി ഡയറക്ട**
**കേരള സംസ്ഥാന ഓഡിറ്റ് വകു**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയ**

# <u>അനുബന്ധം 1 ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

**കെ.എസ്.എ-കെ.ടി.എം.പി.6/1412/2018** **തീയതി: 30.07.201**

**കേരള സംസ്ഥാന ഓഡിറ്റ് വകു**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ട**
**ഫോൺ: 048125648**
**ഇ-മെയിൽ: doktm.ksad@kerala.gov**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തി 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ **വെച്ചൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18** വർഷ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **വെച്ചൂർ ഗ്രാമപഞ്ചായത്തി 2017-18-ലെ** വാർഷിക ധനനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് ഞാ സാക്ഷ്യപ്പെടുത്തുന്നു.ഇത് തയ്യാറാക്കിയത് 1994 ലെ കേരളാപഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും 2011 കേര പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങളും അനുസരിച്ചാണ്.

**ഡെപ്യൂട്ടി ഡയറക്**

**കേരള സംസ്ഥാന ഓഡിറ്റ് വകു**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ട**